എടരിക്കോട് 'കെല്ലി' ന്റെ രണ്ടാഘട്ട നവീകരണ പ്രവർത്തനങ്ങൾ

171 (5061) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടരിക്കോട് 'കെല്ലി'ന്റെ രണ്ടാംഘട്ട നവീകരണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

(ബി) എത്ര തുകയാണ് നവീകരണത്തിനായി വകയിരുത്തിയിരിക്കുന്നത് ;

(സി) ഇതുവഴി ഉൽപ്പാദനത്തിൽ എത്ര വർദ്ധനവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) നവീകരണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ & ബി) കെൽ-ന്റെ എടരിക്കോട് യൂണിറ്റിൽ വ്യാവസായികാടിസ്ഥാനത്തിൽ ട്രാൻസ്ഫോർമറുകൾ ഉല്പാദനം തുടങ്ങുന്നതിനായി 300 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് സർക്കാർ അനുമതി നൽകിയിരുന്നു. സർക്കാരിൽനിന്നും ഇതിനായി 146.87 ലക്ഷം രൂപ 24-3-2010-ലെ ജി.ഒ.(ആർ.റ്റി)395/10/ഐ.ഡി. പ്രകാരം 2009-10 സാമ്പത്തിക വർഷത്തിൽ നൽകിയിട്ടുണ്ട്. 2010 ജനുവരി മുതൽ ഇവിടെ ട്രാൻസ്ഫോർമറുകൾ ഉല്പാദനം തുടങ്ങുകയും പ്രതിമാസം 100 ട്രാൻസ്ഫോർമറുകൾ നിർമ്മിക്കുകയും ചെയ്തുവരുന്നു.

(സി & ഡി) നവീകരണ പ്രവർത്തനങ്ങൾക്കായുള്ള ബാക്കി തുകയായ 153.13 ലക്ഷം രൂപ നല്കുന്നതിന് 14-7-2010-ലെ ജി.ഒ.(ആർ.റ്റി)1001/10/ഐ.ഡി. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുക അനുവദിക്കുന്നതോടെ പ്രതിമാസ ഉല്പാദനം 150 ട്രാൻസ്ഫോർമറുകളായി വർദ്ധിപ്പിക്കുവാൻ സാധിക്കും.

ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ അലോട്ട് ചെയ്യാനുള്ള പ്ലോട്ടുകൾ

172 (5062) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടക്കരപ്പള്ളി -തങ്കി (എൻ.എച്ച്) ജംഗ്ഷനിലെ സിഡ്കോ മിനി എസ്റ്റേറ്റിലും അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും എത്ര പ്ലോട്ടുകളാണ് അലോട്ട് ചെയ്യാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) വെറുതെ കിടക്കുന്ന എത്ര പ്ലോട്ടുകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കേസ്സിൽപ്പെട്ടിട്ടുള്ള പ്ലോട്ടുകളെത്രയുണ്ടെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കടക്കരപ്പള്ളി-തങ്കി (എൻ.എച്ച്.) ജംഗ്ഷനിലെ സിഡ്കോ മിനി എസ്റ്റേറ്റിലും അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും അലോട്ട് ചെയ്യാനായി നിലവിൽ പ്ലോട്ടുകൾ ഒന്നുംതന്നെയില്ല.

(ബി) കടക്കരപ്പള്ളി മിനി എസ്റ്റേറ്റിൽ ഒഴിഞ്ഞു കിടക്കുന്ന പ്ലോട്ടുകൾ ഇല്ല. അരൂർ എസ്റ്റേറ്റിൽ ആകെയുള്ള 84 യൂണിറ്റുകളിൽ 23 എണ്ണം പ്രവർത്ത നരഹിതമാണ്.

(സി) കടക്കരപ്പള്ളി മിനി എസ്റ്റേറ്റിൽ കേസിൽപ്പെട്ടിട്ടുള്ള പ്ലോട്ടുക ളൊന്നും ഇല്ല. അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ കേസിൽപ്പെട്ടിട്ടുള്ള 8 പ്ലോട്ടുകൾ ഉണ്ട്.

ആലത്തൂർ മണ്ഡലത്തിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

173 (5063) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ മംഗലത്തുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ആകെ എത്ര കമ്പനികൾക്ക് പ്രവർത്തിക്കുവാനുള്ള സൗകര്യമുണ്ട് ; ഇപ്പോൾ അതിൽ എത്ര കമ്പനികൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) നല്ല നിലയിൽ നടന്നുവന്നിരുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ കമ്പനികൾ അടച്ചുപൂട്ടി പോകാനിടയായ സാഹചര്യം സർക്കാർ വിലയിരുത്തി യിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) പ്രവർത്തിക്കാത്ത കമ്പനികളുടെ മുറികൾ ഏറ്റെടുത്ത് വ്യവസായം നടത്താൻ താൽപ്പര്യമുള്ളവർക്ക് കൈമാറ്റം ചെയ്യുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ആലത്തൂർ മണ്ഡലത്തിലെ മംഗലത്തുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ആകെ 10 കമ്പനികൾക്ക് പ്രവർത്തിക്കുവാനുള്ള സൗകര്യമുണ്ട്. ഇപ്പോൾ 7 കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്.

ഷെഡ് നം. 1 & 2-ഉം ഷെഡ് നം 6-ഉം ആണ് പ്രവർത്തിക്കാത്തവ.

ഷെഡ് നം. 1 & 2-ഉം കുറച്ചു നാളുകളായി പ്രവർത്തനക്ഷമമല്ല. ഇത് തിരിച്ചെടുക്കാനുള്ള നടപടിയുടെ മുന്നോടിയായി യൂണിറ്റുടമയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. ഷെഡ് നം. 6 വൈദ്യുതി കണക്ഷൻ

LIBRARY ARCHIVES Kerala Legislative Assembly